കൊല്ലം	8	2
പത്തനംതിട്ട	4	–
കോട്ടയം	2	2
ഇടുക്കി	–	1
എറണാകുളം	2	1
തൃശ്ശൂർ	3	3
പാലക്കാട്	3	1
മലപ്പുറം	2	–
കോഴിക്കോട്	1	1
വയനാട്	–	1
കണ്ണൂർ	1	–
കാസർഗോഡ്	2	–

(സി) 22

വിധവകളായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

89 (800) ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ വിവിധ വകുപ്പിൽ താൽക്കാലിക നിയമനം കിട്ടി തുടരുന്ന വിധവകളായ ജീവനക്കാരെ മാനുഷിക പരിഗണന വച്ച് സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കാലാവധി തീർന്ന് പിരിച്ചു വിടപ്പെട്ട വിധവകളായ മുൻ താൽക്കാലിക ജീവനക്കാർക്ക് പിന്നീടുണ്ടാവുന്ന താൽക്കാലിക ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിന് മുൻഗണന കൊടുക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ)&(ബി)പരിഗണിക്കാൻ നിർവ്വാഹമില്ല.

സ്വാതന്ത്ര്യ സമര സേനാനികൾക്ക് പെൻഷൻ

90 (801) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി ബാലറാം :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഇപ്പോൾ നല്കി വരുന്ന പെൻഷൻ എത്രയാണ്;

(ബി) ഇത് വർദ്ധിപ്പിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഈ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർക്ക് നല്കുന്ന പെൻഷന് ഡി.എ. നല്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രതിമാസ പെൻഷൻ 2000/- രൂപ നല്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ഡി) ഇപ്പോൾ നല്കുന്നില്ല.

(ഇ) പെൻഷന് ഡി.എ. നല്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

1946 -47ലെ കുത്താളി സമരം

91 (802) ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-47-ലെ കൂത്താളി സമരം ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി പരിഗണിച്ച് ഇതിൽ പങ്കെടുത്തവർക്ക് സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൻ മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടൻമാർക്കുള്ള പെൻഷൻ

92(803) ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്തഭടൻമാർക്ക് പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചത്;

(സി) ഈ തുക എന്നുമുതലാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ)-(സി) രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടൻമാർക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly